## പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 4587** | **23.07. 2015 ൽ മറുപടിക്ക്**

### വൈദ്യുതി ചാർജ്ജ് വർദ്ധനവ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.ഹംസ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |

| | |
|---|---|
| (എ) 01.07.2011 – ലെ കണക്ക് പ്രകാരം ഗാർഹിക വൈദ്യുതി നിരക്ക് എത്രയായിരുന്നു ;<br><br>(ബി) 01.06.2015 – ലെ കണക്ക് അനുസരിച്ച് ഇത് എത്രയായിരുന്നു ; | (എ) & (ബി) 01.07.2011-ലെയും, 01.06.2015-ലെയും ഗാർഹിക വൈദ്യുതി നിരക്ക് അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്. |
| (സി) 01.07.2011 – ലെ കണക്കനുസരിച്ച് വൈദ്യുതി ബോർഡിന് എത്ര രൂപയുടെ കടം ഉണ്ടായിരുന്നു; | (സി) 01.07.2011-ലെ കണക്ക് അനുസരിച്ച് വൈദ്യുതി ബോർഡിന്റെ കടം ചുവടെ ചേർക്കുന്നു. |

| | തുക കോടിയിൽ |
|---|---|
| ദീർഘകാല വായ്പ | 623.13 |
| മധ്യകാല വായ്പ | --- |
| ഹ്രസ്വകാല വായ്പ | 600.00 |
| ഓവർഡ്രാഫ്റ്റ് | 400.16 |
| ആകെ | **1,623.29** |

| | |
|---|---|
| (ഡി) 01.07.2011 ൽ വൈദ്യുതി ചാർജ്ജിനത്തിൽ എത്ര രൂപ കുടിശ്ശിക ലഭിക്കുവാനുണ്ടായിരുന്നു; | (ഡി) വൈദ്യുതി ചാർജ് കുടിശ്ശിക ത്രൈമാസമായിട്ടാണ് തയ്യാറാക്കുന്നത്. അതനുസരിച്ച് 30.06.2011-ൽ ആകെ 1202.59 കോടി രൂപ കുടിശ്ശികയുണ്ട്. |

| ചോദ്യം | ഉത്തരം |
|---|---|
| (ഇ) 01.06.2015 ലെ കണക്ക് പ്രകാരം ബോർഡിന് എത്ര രൂപ കടമുണ്ട്; | (ഇ) 01.06.2015-ലെ കണക്ക് അനുസരിച്ച് വൈദ്യുതി ബോർഡിന്റെ കടം ചുവടെ ചേർക്കുന്നു. |
| (എഫ്) 01.06.2015 ലെ കണക്ക് പ്രകാരം വൈദ്യുതി ചാർജ്ജിനത്തിൽ എത്ര കുടിശ്ശിക പിരിഞ്ഞു കിട്ടാനുണ്ട് ; കുടിശ്ശിക വരുത്തിയിട്ടുള്ള സ്ഥാപനങ്ങളുടെ പേര് സഹിതം വിശദാംശം നൽകാമോ ? | (എഫ്) വൈദ്യുതി ചാർജ്ജ് കുടിശ്ശിക ത്രൈമാസമായി കണക്കാക്കുന്നതിനാൽ 31.03.2015-ലെ ത്രൈമാസ കണക്കനുസരിച്ച് ആകെ 1,752.42 കോടി രൂപ കുടിശ്ശിക പിരിഞ്ഞു കിട്ടാനുണ്ട്. സ്വകാര്യമേഖലയിലെ ഉപഭോക്താക്കൾ 596.38 കോടി രൂപയുടെ കുടിശ്ശിക വരുത്തിയിരിക്കുന്നതിൽ 299.38 കോടി രൂപ വ്യവഹാരങ്ങളിൽ പ്പെടുന്നു. എച്ച്.റ്റി.- ഇ.എച്ച്.റ്റി. വിഭാഗത്തിലെ കുടിശ്ശിക സംബന്ധിച്ച വിശദ വിവരം അനുബന്ധം 2- ആയി ചേർത്തിട്ടുണ്ട്. |

| | തുക കോടിയിൽ |
|---|---|
| ദീർഘകാല വായ്പ | 1,209.41 |
| മധ്യകാല വായ്പ | 494.43 |
| ഹ്രസ്വകാല വായ്പ | 2,200.00 |
| ഓവർഡ്രാഫ്റ്റ് - | 2,139.97 |
| ആകെ | **6,043.81** |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്